ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതിക്കും ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പദ്ധതിക്കും കേന്ദ്രം നൽകിയ അരിയും ഗോതമ്പും

* 97 [102] ശ്രീ. പി. വി. മുഹമ്മദ് :
,, എം. പി. എം. ഇസ്ഹാക് കുരിക്കൾ :
,, കെ. പി. എ. മജീദ് :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്തു സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതിക്കും ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പദ്ധതിയിക്കും കേന്ദ്രം ഈ വർഷം എത്ര അരിയും ഗോതമ്പും നൽകി ;

(ബി) അതിൽ എത്ര ചെലവഴിച്ചു ; 31-3-1986-ൽ എത്ര ചെലവഴിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(സി) എഫ്. സി. ഐ. ഗോഡൗണിൽ വച്ച് തന്നെ കൺവീനർമാരും ബ്ലോക്ക് ഉദ്യോഗസ്ഥൻമാരും ഒരുമിച്ച് പണികഴിക്കുള്ള അരി കരിഞ്ചന്തയിൽ വിൽക്കുകയാണെന്നുള്ള പരാതി ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ കുറ്റക്കാരുടെ മേൽ എന്തു നടപടി സ്വീകരിക്കാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ അരി റേഷൻ കടകൾ വഴി മാത്രം വിതരണം ചെയ്യുന്ന പദ്ധതി നിറുത്തലാക്കാനുണ്ടായ കാരണമെന്താണ് ;

(എഫ്) അരി, ഗോതമ്പ് എന്നിവ ഗോഡൗണുകളിൽ കയറ്റുന്നതിനായി അമിതമായ കയറ്റുകൂലി കൊടുക്കേണ്ടി വരുന്നു എന്ന പ്രശ്നം പരിഹരിക്കാനായി എല്ലാ ജില്ലാ കളക്ടർമാരോടും തൊഴിലാളി യൂണിയനുകളുമായും ചർച്ച ചെയ്ത് ഏകോപിത കയറ്റുകൂലി നിശ്ചയിക്കാൻ ഗവൺമെൻറ് നിർദ്ദേശം നൽകുമോ ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതിക്കുവേണ്ടി 6700 മെ. ടൺ അരിയും 23,150 മെ. ടൺ ഗോതമ്പും ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പദ്ധതിക്കുവേണ്ടി 6100 മെ. ടൺ അരിയും 23,150 മെ. ടൺ ഗോതമ്പും കേന്ദ്രം നൽകിയിട്ടുണ്ട്

(ബി) ദേശീയ ഗ്രാമീണ തൊഴിൽദാന പദ്ധതിക്കുവേണ്ടി 2207.54 മെ. ടൺ അരിയും 9153.92 മെ. ടൺ ഗോതമ്പും ഗ്രാമീണ ഭൂരഹിത തൊഴിൽ ഭദ്രതാ പദ്ധതിക്കുവേണ്ടി 3199.78 മെ. ടൺ അരിയും 4729.03 മെ. ടൺ ഗോതമ്പും 1-3-1986 വരെ ഉപയോഗിച്ചിട്ടുണ്ട്. 31-3-1986ന് മുൻപ് മുഴുവൻ ഭക്ഷ്യധാന്യവും ഉപയോഗിക്കണമെന്ന് എല്ലാ പ്രവൃത്തിതല ഉദ്യോഗസ്ഥൻമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ മുഴുവൻ ഭക്ഷ്യധാന്യവും ചെലവഴിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കുറ്റക്കാരെന്നു കണ്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ പേരിൽ എന്തു നടപടി സ്വീകരിക്കണമെന്നകാര്യം പരിശോധിക്കുന്നതാണ്.

(ഇ) അരി ഇപ്പോഴും റേഷൻ കടകളാ വഴിയാണ് വിതരണം ചെയ്യുന്നത്. ആയതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(എഫ്) പരിശോധിക്കാവുന്നതാണ്.

സംസ്ഥാനത്തെ ബ്ലോക്കുകൾ

* 98 [103] ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ :
,, കെ. ഇ. ഇസ്മയിൽ :
ഡോക്ടർ എ. സുബ്ബറാവു :
ശ്രീ. കെ. വി. സുരേന്ദ്രനാഥ് :
,, വി. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ കേരളത്തിൽ എത്ര ബ്ലോക്കുകൾ ഉണ്ട് ;

(ബി) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ ബ്ലോക്കുകൾ രൂപീകരിച്ചു ;

(സി) പുതിയതായി രൂപീകരിച്ച ബ്ലോക്കുകളിൽ ഐ. ഇ. ഒ. മാരുടെ തസ്തിക സൃഷ്ടിക്കാത്തതെന്താണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഐ. ഇ. ഒ. മാരുടെ അഭാവം മൂലം പല വ്യവസായപദ്ധതികളുടെയും നടത്തിപ്പിൽ തടസ്സം ഉണ്ടാകുന്ന വിവരം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

സാമൂഹ്യവികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) 151

(ബി) പുതിയ ബ്ലോക്കുകൾ ഒന്നും രൂപീകരിച്ചിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇല്ല.

ബി. ഡി. സി. കൾ

* 99 [104] ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
,, ലോനപ്പൻ നമ്പാടൻ :
,, സി. ടി. അഹമ്മദ് അലി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ബി. ഡി. സി. കൾ എന്നാണ് പിരിച്ചു വിട്ടത് ;

(ബി) പിരിച്ചുവിടാനുള്ള കാരണങ്ങൾ എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly